ജനസമ്പർക്ക പരിപാടി ഉദ്യോഗസ്ഥ ജനപക്ഷ സമീപനം വളർത്തിയെടുക്കും മുഖ്യമന്ത്രി ഉമ്മൻചാടി ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച പരാതികൾ തീർപ്പാക്കുന്നതിൽ ഉദ്യോഗസ്ഥർ സ്വീകരിച്ച ജനപക്ഷ സമീപനം അധികാരത്തേയും ജനങ്ങളേയും തമ്മിലടുപ്പിക്കുന്നതിനുള്ള സമീപനം സൃഷ്ടിച്ചുവെന്നും ഈ സമീപനം തുടർന്നും എല്ലാ തലങ്ങളിലും ഉാക്കിയെടുക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മുഖ്യമന്ത്രി ഉമ്മൻചാടി പറഞ്ഞു. പാലക്കാട് വിക്ടോറിയാ കോളേജ് സ്റ്റേഡിയത്തിൽ നടന്ന ജനസമ്പർക്ക പരിപാടിക്ക് തുടക്കം കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭരണ–പ്രതിപക്ഷ ഭേദമില്ലാത്ത കൂട്ടായ്മയുടെ വിജയമാണ് ജനസമ്പർക്ക പരിപാടിയുടെ വിജയത്തിനടിസ്ഥാനം. ജനങ്ങൾക്ക് പ്രശ്നങ്ങളും ആവശ്യങ്ങളും പരാതികളുമു്. അതെല്ലാം പരിഗണിക്കപ്പെടണം, അഥവാ ഒരാളുടേയും പ്രശ്നം പരിഹരിക്കപ്പെടാതെ പോകരുത് എന്നതാണ് ഈ പരിപാടിയുടെ പ്രസക്തിയെന്നും മുഖ്യമന്ത്രി പറഞ്ഞു. ഒന്നും ചെയ്യാൻ കഴിയാത്ത നിയമങ്ങൾ ഉാക്കിയിട്ട് ഉദ്യോഗസ്ഥരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അനുഭവങ്ങൾ ഭരണതലത്തിൽ ഒട്ടേറെ പരിഷ്ക്കാരങ്ങൾക്ക് വിനിയോഗിക്കുമെന്നും അദ്ദെഹം പറഞ്ഞു. ജനസമ്പർക്ക പരിപാടിക്ക് തുടർ മോണിറ്ററിങ് സംവിധാനം ഉാകുമെന്നും മുഖ്യമന്ത്രി സൂചിപ്പിച്ചു. ടൂറിസം–പട്ടികജാതി–പിന്നാക്കവിഭാഗ ക്ഷേമ വകുപ്പ് മന്ത്രി എ.പി.അനിൽകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ കലക്ടർ കെ.വി.മോഹൻകുമാർ സ്വാഗതം പറഞ്ഞു. എം.ഹംസ എം.എൽ.എ. ആശംസയർപ്പിച്ചു. എം.എൽ.എ.മാരായ ഷാഫി പറമ്പിൽ, സി.പി.മുഹമ്മദ്, വി.ടി.ബൽറാം, കെ.വി.വിജയദാസ്, എൻ.ഷംസുദ്ദീൻ, കെ.എസ്.സലീഖ, കെ.അച്യുതൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി.എൻ.കമുത്തൻ, മുനിസിപ്പൽ ചെയർമാൻ എ.അബ്ദുൾ ഖുദ്ദൂസ്, കയർ ബോർഡ് മുൻ ചെയർമാൻ വി.എസ്.വിജയരാഘവൻ, ഡി.സി.സി.പ്രസിഡന്റ് സി.വി.ബാലചന്ദ്രൻ, മറ്റ് ജനപ്രതനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ തുടങ്ങിയവർ ഉദ്ഘാടനചടങ്ങിൽ സന്നിഹിതരായിരുന്നു. എ.ഡി.എം. കെ.വി.വാസുദേവൻ ചടങ്ങിന് നന്ദി പ്രകാശിപ്പിച്ചു. കേരളത്തിന് സുരക്ഷയും തമിഴ്നാടിന് വെള്ളവും ഉറപ്പാക്കി മുല്ലപ്പെരിയാർ പ്രശ്നം പരിഹരിക്കും മുഖ്യമന്ത്രി ഉമ്മൻചാടി കേരളത്തിന് സുരക്ഷയും തമിഴ്നാടിന് വെള്ളവും ലഭ്യമാക്കിയുള്ള പരിഹാരമാണ് മുല്ലപ്പെരിയാർ പ്രശ്നം പരിഹാരത്തിന് കേരളം ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി ഉമ്മൻചാടി. പാലക്കാട് ഗവ. വിക്ടോറിയാ കോളേജ് സ്റ്റേഡിയത്തിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇക്കാര്യത്തിൽ കേരളത്തിലെ എല്ലാ രാഷ്ട്രീയപാർട്ടികളും ഏകമനസോടെയാണ് പ്രവർത്തിക്കുന്നതെന്നും, കേരളം–തമിഴ്നാട് എന്ന പ്രാദേശിക വാദം യാതൊരു കാരണവശാലും ഉാകരുതെന്നും ഇക്കാര്യത്തിൽ കേരള മനസ് ജാഗരൂകരായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു.